**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3781** **02-03-2023 - ൽ മറുപടിയ്ക്ക്**

**തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ-ഷൊർണ്ണൂർ റെയിൽ പാതയിലെ തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (എ) | നിലവിൽ ഷൊർണ്ണൂർ-നിലമ്പൂർ പാതയിൽ അങ്ങാടിപ്പുറം, വാണിയമ്പലം സ്റ്റേഷനുകളിൽ മതിയായ സൗകര്യമുള്ളതായും പ്രവർത്തനപരമായ ആവശ്യകതകൾ ഉണ്ടാകുമ്പോൾ, ഷൊർണ്ണൂർ-നിലമ്പൂർ സെക്ഷനിൽ അധിക ക്രോസിംഗ് സ്റ്റേഷനുകൾ നൽകേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണെന്നും ദക്ഷിണ റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റെയിൽ പാതയിൽ സർവീസ് നടത്തുന്ന കോട്ടയം പാസഞ്ചർ ട്രെയിനിന് തുവ്വൂർ റെയിൽവെ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ട്രെയിൻ നമ്പർ.16326/16325 കോട്ടയം-നിലമ്പർ-കോട്ടയം നിലവിൽ എക്സ്പ്രസ്സ് ട്രെയിനായാണ് ഓടുന്നതെന്നും, അപര്യാപ്തമായ റണ്ണിംഗ് സമയവും മറ്റ് പ്രവർത്തന പരിമിതികളും കാരണം, തുവ്വൂർ റെയിൽവേ സ്റ്റേഷനിൽ ഈ ട്രെയിനുകൾക്ക് സ്റ്റോപ്പേജ് അനുവദിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ലെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ